# ജി എച്ച് എസ്സ്
# കുനിശ്ശേരി

# ഡിജിററൽ മാഗസിൻ

2024

# ഫിനിക്സ്



## ആശംസ...



# Mathew P K

Head Master

നമ്മുടെ ലിറ്റിൽ കൈറ്റ് വിദ്യാർഥികൾ മുൻകൈയെടുത്ത് നിരവധി പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടത്താറുണ്ട്. വിദ്യാഭ്യാസമേഖലയിലും സമൂഹത്തിലും നൂതന സാങ്കേതികവിദ്യയുടെ അറിവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് നമുക്ക് സഹായമൊരുക്കാം. സ്കൂളിലെ കുട്ടികൾക്കായി ഫ്രീഡം ഫെസ്റ്റിന്റെ ഭാഗമായി നടത്തിയ എക്സിബിഷൻ ഉപകാരപ്രദവും താല്പര്യ ഉളവാക്കുന്നതും ശ്രദ്ധേയവും ആയിരുന്നു.അതുപോലെ തന്നെ കുടുംബശ്രീ അംഗങ്ങൾക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകിയത് വളരെ പ്രശംസനീയമാണ്. പാലക്കാട് ജില്ലയിലെ ഏറ്റവും മികവാർന്ന ലിറ്റിൽകൈറ്റിൻ്റെ പ്രവർത്തനമായിരുന്നു. ഇത് വാർത്തയായി വന്നത് വിദ്യാലയത്തെ സംബന്ധിച്ച് ഏറെ ആദരവും ഉണ്ടാക്കുന്നു. ഇനിയും നമുക്ക് ഇത്തരത്തിൽ സമൂഹത്തിന് ഗുണപ്രദമായ പ്രവർത്തനങ്ങൾ നമുക്ക് സംഘടിപ്പിക്കണം. ഇപ്പോൾ ഫിനിക്സ് എന്ന പേരിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനിലെ ഓരോ സൃഷ്ടിയും വിദ്യാലയത്തിനും വിദ്യാലയം ഉൾക്കൊള്ളുന്ന സമൂഹത്തിനും ഒരു പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.



# ആശംസ...

ജി എച്ച് എസ് കുനിശ്ശേരിയിൽ
ലിറ്റിൽ കൈറ്റ്സിന്റെ
ആഭിമുഖ്യത്തിൽ ഡിജിറ്റൽ
മാഗസിൻ പുറത്തിറക്കുന്നതിലുള്ള
സന്തോഷം അറിയിക്കട്ടെ.
കുട്ടികളുടെ
കലാസാഹിത്യവാസനകളെ
കണ്ടെത്തി പരിപോഷിപ്പിക്കുക
എന്ന ലക്ഷ്യത്തോടെ
പ്രവർത്തിക്കുന്ന ലിറ്റിൽ
കൈറ്റ്സിന് കുട്ടികളുടെ
കലാവാസനകൾക്ക് കൂടുതൽ
പ്രചോദനം പകരാൻ ഈ
ഉദ്യമത്തിന് കഴിയട്ടെ എന്ന്
ആശംസിക്കുന്നു.

**ശ്രീപ്രിയ എൻ**

സ്റ്റാഫ് സെക്രട്ടറി

# ലിറ്റിൽ കൈറ്റ്സ് @ ജിഎച്ച്എസ്





ജിഷ ടീച്ചർ

ഒരു ലക്ഷത്തിലധികം വിദ്യാർഥികളെ ഉൾക്കൊള്ളുന്ന കൈറ്റിന്റെ ഒരു സവിശേഷ സംരംഭമാണ് ലിറ്റിൽ കൈറ്റ് ഐടി ക്ലബ് ഹൈസ്കൂൾ കുട്ടിക്കൂട്ടം പ്രോഗ്രാമിന്റെ നവീകരിച്ച രൂപമാണ്. അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്,ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, തുടങ്ങിയ 5 മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രമായ പരിശീലനം നൽകുന്ന ക്ലബ്ബാണിത് ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജിഎച്ച്എസ് കുനിശ്ശേരിയിലെ വിദ്യാർത്ഥികളിൽ സംബന്ധിച്ചിടത്തോളം ലിറ്റിൽ കൈറ്റ് അവരുടെ പഠന മികവ് വർദ്ധിപ്പിക്കാനും നൂതന ഐടി സാങ്കേതികവിദ്യ മനസ്സിലാക്കാനുള്ള അവസരമായി ലിറ്റിൽ കൈറ്റ് ക്ലാസുകൾ മാറുന്നു

ഞങ്ങൾ ലിറ്റിൽ കൈറ്റ് കുട്ടികൾ ജിഷ ടീച്ചർ,സുചിത്ര ടീച്ചർ എന്നിവരുടെ സഹായത്തോടെ നിരവധി പ്രവർത്തനങ്ങൾ സ്കൂളിൽ ചെയ്യാറുണ്ട്.കുടുംബശ്രീ അംഗങ്ങൾക്ക് കമ്പ്യൂട്ടർ സാക്ഷരത അടിസ്ഥാനപ്പെടുത്തി ക്ലാസ് നടത്തിയിരുന്നു.ഫെസ്റ്റിന്റെ ഭാഗമായി നടത്തിയ ഐടി എക്സിബിഷൻ വളരെ ഫലപ്രദമായിരുന്നു.ഇപ്പോൾ ഫിനിക്സ് എന്ന പേരിൽ ഞങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ നിങ്ങൾ സഹ ഹൃദയം ആസ്വദിക്കുമെന്ന് വിശ്വസിക്കുന്നു. മാഗസിൻ തയ്യാറാക്കാൻ സഹായിച്ച അധ്യാപകർ കൂട്ടുകാർ ഏവർക്കും ഞങ്ങൾ നന്ദി അറിയിക്കുന്നു

# കരാട്ടെ

സ്വയം പ്രതിരോധത്തിനായി പെൺകുട്ടികളെ സജ്ജരാക്കാൻ പ്രശസ്ത കരാട്ടെ അധ്യാപിക ശ്രീമതി. ദീപയുടെ നേതൃത്വത്തിൽ 35 കുട്ടികൾ ഉൾപ്പെടുന്ന 20 ദിവസത്തെ പരിശീലന ക്ലാസ്സ് ആരംഭിച്ചു. ആദ്യമായിട്ടാണ് ഇത്തരമൊരു പരിശീലനക്ലാസ്സിൽഅംഗമാകുന്നത്.

തുടക്കത്തിൽ കരാട്ടയെക്കുറിച്ചും അതിന്റെ ഗുണഗണങ്ങളെ പറ്റിയും എനിക്ക് യാതൊരു ധാരണയും ഇല്ലാതിരുന്നു തുടർച്ചയായി ക്ലാസ്സിൽ പങ്കെടുത്തതിലൂടെ എനിക്ക് കരാട്ടയെക്കുറിച്ച് അറിയുവാനും അതുവഴി എന്നിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനുംസാധിച്ചു





# The Girl And The Baby Squirrel

There was a poor girl lived in a village. She was very good in class . One day, while the girl was coming home from school, she saw a baby squirrel running and playing in a big tree by  the roadside.She started staring curiously at the baby squirrel. It jumped on the nearby trees tops and stated playing. Suddenly the baby squirrel fell down. The girl took the baby squirrel. The baby squirrel lost its movement. She felt sad. Suddenly she took a water bottle from her bag and splashed some water on the baby squirrel. After a while, the baby squirrel wagged its tail slightly. She took it in her hand and hurried home. When she reached home, the baby squirrel raised his head around and looked around. She gave food and care to the baby squirrel. The girl and squirrel become good friends. She loved the baby squirrel very much and always played with them. This hindered her studies and her marks fell. Seeing the low marks in the exam, her mother beat her badly. She began to cry and the baby squirrel felt sad.

The baby squirrel thought “wasn’t it because of me that shedidn’t study and that’s why she got beaten by her mother. The squirrel decided to go somewhere from that house. After sometime the girl looked for baby squirrel and she realized the baby squirrel was missing and she become very sad.

# My New School




GHSS KUNISSERY
little KITEs

For the first time when I came to the school, I heard that the school is not good. After joining the school I had a lot of good experiences. I got many new friends from here and was vary much excited to play and spend time with them. The teachers are very much supportive and caring. They always treated every student equally and gave academic support.

The most attractive thing is that, many programmes are frequently conducting in my school. We have well equipped laboratories and other facilities. We have a spacious play ground, me and my friends always play foot ball together. Our school uniform is very attractive and i like it the most. I like it the most. I would like to go to my school every day. This is the best school I had ever seen.

**BINOY**

# "മഴ"



ഉച്ചനേരത്ത് ഒരു കൊച്ചു മയക്കത്തിൽ
പിച്ചവെച്ചെത്തിയ കാർമുകിലെ
തല്ലിചിതറുമാ
പൂക്കുന്ന തൈമാവിൻ ചില്ലകളും
നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും
കാറ്റിൽ ചാഞ്ചാടിയാടുന്ന വയൽപ്പൂക്കളും
മഴപെണ്ണിന്റെ കുളിരേറ്റു വാങ്ങുന്നുവോ
മഴയൊരു ഗീതമാകുന്നുവോ
എൻമനം ഒരു മയിലായി ആടുന്നു
നീളുന്ന ചെമ്മണ്ണു പാതകളിൽ !!

വർഷ K

# ചിരി

ചിരി ഉണ്ടാവുന്നത് നന്മനിറഞ്ഞ
ഹാസ്യങ്ങളിൽ സൗഹൃദങ്ങളിൽ
സന്മനസ്സുള്ളവരിൽ മാത്രമാണെങ്കിൽ !
എന്തോ നഷ്ടപ്പെട്ട ചിരി
ഓർത്തെടുക്കാനാവില്ല ഒരിക്കലും
നടന്നു പോകുന്നവരെ കടക്കാരനാക്കുന്ന
കച്ചവട മാസ്മരികത തിരിച്ചറിയാനാവാതെ
സുഖലോകങ്ങളിൽ കുഴഞ്ഞ്,
തിരിഞ്ഞു നോക്കാനാവാതെ മോഹങ്ങളും
സ്വപ്നങ്ങളും ഉയർന്നമൺക്കുമ്പാര ച്ചുഴിയിൽ
ചെന്നുലയുന്നു. സ്വയം ചോദ്യചിഹ്നമാകുന്ന
കടക്കെണിയിൽ വീണ ശരീരം
ക്രൂട്ടമായി തെറ്റി വീണ് പൊടിയുമ്പോൾ
ചിരിയെന്ന അഭിലാഷം ഈ മണ്ണിൽ
തീർത്തൊരു മുഖം മൂടിയാകുന്നു!!

അതുല്യ. M .



# അത്യാഗ്രഹിയായ രാമു

ഒരിടത്ത് രാമു എന്ന പയ്യൻ ഉണ്ടായിരുന്നു. രാമു വളരെ ചീത്ത കുട്ടിയായിരുന്നു. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന ഒരു കുട്ടിയായിരുന്നു അവൻ. ഒരിക്കൽ രാമുവിനെ സ്കൂളിലെ കൗൺസിലിംഗ് ടീച്ചർ ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചതിന് അവനെ ടീച്ചർ പിടിച്ചു. തുടർന്ന് അവൻറെ രക്ഷിതാക്കളെയും സ്കൂളിലോട്ട് വരുത്തിച്ചു. പിന്നീട് രാമു ഇനി ഉപയോഗിക്കില്ല എന്ന് സത്യം ചെയ്യുകയും തിരികെ ക്ലാസ്സിലോട്ട് പോവുകയും ചെയ്തു. എന്നാൽ അവൻ വീണ്ടും ആ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഈ കാര്യം ടീച്ചർ അറിയുകയും അതിന് അവനെ കൗൺസിലിംഗ് നൽകുകയും ചെയ്തു. അവന്റെ കൂട്ടുകാരും അവനെ നന്നാവാൻ ആയി പ്രോത്സാഹിപ്പിച്ചു. അതിനെ തുടർന്ന് രാമു നല്ല കുട്ടിയായി മാറി.

മഹേഷ് 9A

# മാതൃത്വത്തിന്റെ നേർവാക്ക്

# മലയാളം



ഓരോ മനുഷ്യനും പിച്ചവച്ച് തുടങ്ങുന്നത് അവന്റെ മാതൃഭാഷയിൽ കൂടെയാണ്. കരയാൻ, ചിരിക്കാൻ, സംസാരിക്കാൻ തുടങ്ങിയുള്ള അവന്റെ ഓരോ ചലനങ്ങളും മാതൃഭാഷയിൽ അധിഷ്ഠിതമാണ്. പിഞ്ചിളം ചുണ്ടിൽ നിന്നുമുതിരുന്ന അമ്മ എന്ന വാക്കിന് അമ്മിഞ്ഞയെക്കാളും മാധുര്യമുണ്ട്.ഒരു വ്യക്തിയുടെ സ്വത്വത്തെ അടയാളപ്പെടുത്തുന്നത് അവന്റെ വാക്കുകളിലൂടെ അവന്റെ ഭാഷയെയാണ് ഏതു സാഹചര്യത്തിലും അടിപതറാതെ ഓരോ മനുഷ്യനെയും നിലനിർത്തുന്നത് അവന്റെ മാതൃഭാഷയാണ്.

വാക്ചാതുര്യം, വൈകാരിക അനുഭവം തുടങ്ങിയവയെല്ലാം ശക്തമായ ആവിഷ്കരിക്കാൻ പ്രാപ്തിയുള്ളതാണ് നമ്മുടെ മാതൃഭാഷ ഏതൊരാളുടെയും മാതൃഭാഷ അയാളുടെ ജീവിത സംസ്കാരത്തെ ആശ്രയിച്ചു സംരക്ഷിക്കും കാലക്രമേണ ഏതെല്ലാം ഭാഷകൾ ആർജ്ജിച്ചെടുത്താലും മാതൃത്വം തുളുമ്പുന്ന സ്വന്തം ഭാഷയെ മറികടക്കാൻ സാധ്യമല്ല

" മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന് പെറ്റമ്മ തൻ ഭാഷ താൻ "

എന്ന് വള്ളത്തോൾ ശക്തിയുക്തമായി പാടിയതിന് പ്രത്യേകിച്ച് അർത്ഥവ്യതിയാനങ്ങൾ ഒന്നും വന്നിട്ടില്ല കാലങ്ങൾ എത്ര പിന്നിട്ടാലും ഈ പ്രത്യയശാസ്ത്രങ്ങൾക്ക് മാറ്റം ഒന്നും ഭവിച്ചിട്ടില്ല.പഠിച്ചു നേടുന്ന ഭാഷാ പ്രാവീണ്യം സാഹചര്യനുസൃതം ആണ് അല്ലാതെ അനസ്യൂതമായ ഒരു തുടർ പ്രക്രിയ അല്ല..

വികസിത രാജ്യങ്ങളായ ബ്രിട്ടൻ അമേരിക്ക പോലുള്ള വൻകിട രാഷ്ട്രങ്ങൾ പോലും അവരുടെ മാതൃഭാഷയാണ് ഔദ്യോഗികമായും മറ്റെല്ലാ കാര്യങ്ങൾക്കും ഉപയോഗിക്കുന്നത്. അങ്ങനെയുള്ളപ്പോൾ ഇന്ത്യയുടെ ചെറിയൊരു ഭാഗമായ നമ്മുടെ കൊച്ചു കേരളമെന്തിന് മാതൃഭാഷയെ മറന്നു പ്രവർത്തിക്കണം ഒരു വ്യക്തിയെ സന്തോഷിപ്പിക്കാൻ സ്നേഹം പ്രകടിപ്പിക്കാൻ ഏറ്റവും ഉപയോഗം അവന്റെ മാതൃഭാഷ തന്നെ.

മലയാളം ചെന്നെത്താത്ത നാടൻ നഗരങ്ങളും ഇല്ല മലയാളികൾ ഇല്ലാത്ത മണ്ണുമില്ല വിശ്വമനോഹരമായ മലയാളത്തിന്റെ മലയാളികളായ ഭൂമി മലയാളത്തിലെ ശിരസ്സുയർത്തി നിൽക്കാൻ നാം ഏവരും പ്രാപ്തരാണ്



# വിദ്യാരംഗം

വിജ്ഞാനത്തിൻ്റെ ഉറവിടങ്ങളായിട്ടാണ് കലാലയങ്ങൾ വിവക്ഷിക്കപ്പെടുന്നത്. അറിവിനോടൊപ്പം ഇളം മനസ്സുകളിലേക്ക് ഇന്ദ്രിയാനുഭവങ്ങളുടെ വിത്തുകൾക്കൂടി വർഷിക്കപ്പെടുന്നുണ്ട്. അവയിൽ പലതും  വേറിട്ട ചിന്തകളുടെയും സങ്കല്പങ്ങളുടെയും ചൂടും ഊർപ്പവുമേറ്റ് വാക്കുകളായി ഉയിർ കൊള്ളുന്നു. തൻ്റെ തൂലികയാൽ പുത്തൻ താളുകളിലേക്ക് അവ വി ന്യസിക്കാൻ വെമ്പുന്ന പ്രതിഭകൾക്ക് അതിനുള്ള അനുകൂല സാഹചര്യമൊരുക്കുകയാണ്, വിദ്യാരംഗം പോലുള്ള സാഹിത്ക്കൂട്ടായ്മകൾ ചെയ്യുന്നത്.ആത്മപ്രകാശന പരമായ ഇത്തരം സൃഷ്ടികൾ ക്ക് അനുവാചകരുടെ ഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.വാമൊഴിയായും വരമൊഴിയായും തൻ്റെ ആശയങ്ങളെ പ്രകടിപ്പിക്കാനുള്ള വേദിയാണത്. സ്രഷ്ടാവിനുംആസ്വാദകർക്കും പ്രാണവായു പോലെ അവ ആസ്വാദ്യകരമായിത്തീരുന്നു.

വ്യക്തിഗതവികാരങ്ങൾക്കും വിചാരങ്ങൾക്കും അതീതമായി, സാമൂഹിക പ്രശ്നങ്ങളാൽ സ്വാധീനിക്കപ്പെട്ട് ,മാനവികതയും പ്രതിബദ്ധതയു പ്രതിഫലിപ്പിക്കാൻ

എല്ലാവർക്കും കഴിയേണ്ടതുണ്ട്. അതിനുതകും വിധം സർഗ്ഗധനരായ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാരംഗത്തിൻ്റെ ലക്ഷ്യം.അവിടെ അവരുടെഹൃദയങ്ങൾപാടും;വിരൽത്തുമ്പുകൾ വരകളായുംവരികളായുംചലിക്കും.മത്സരങ്ങൾക്കു പരിയായിവ്യക്തിത്വ പ്രകടനത്തിനുള്ള ഈസാധ്യതകൾ ഏറെ പ്രാധാന്യവും പ്രശംസയും അർഹിക്കുന്നതാണ് അക്ഷരവീഥികളിലൂടെ.അധ്യാപകരോടൊപ്പമുള്ള ഈ യാത്രയിൽ എല്ലാ  സാഹിപ്രേമികൾക്കും ജീവിതഗന്ധിയായ വിഭവങ്ങൾ പാഥേയമൊരുക്കട്ടെ

എന്ന്

ഹൃദയപൂർവം ആശംസിക്കുന്നു







# ആഗ്രഹം

ഒരു സഥലത്ത് ഒരു കുട്ടി ഉണ്ടായിരുന്നു അവൻ പാവപ്പെട്ട വീട്ടിലെ കുട്ടിയാണ് പോലീസ് ആവാനാണ് ഇഷ്ടമായിരുന്നു അതിനുവേണ്ടി അവൻ പരിശ്രമിച്ചു സ്കൂളിൽ ഫീസ് കൊടുക്കാനില്ലാത്തതിനാൽ അവനെ സ്കൂളിൽ നിന്നും പുറത്താക്കി എന്നാൽ അവൻ തോറ്റു കൊടുക്കാൻ ആഗ്രഹിച്ചില്ല പഴയ ബുക്ക് വെച്ച് അവൻ പഠിച്ചു അങ്ങനെ അവൻറെ ആഗ്രഹം അവൻ സഫലമാക്കി വലിയ വീടും വച്ചു പിന്നീട് ഒരിക്കൽ അവനെ പുറത്താക്കിയോ സ്കൂൾ നഷ്ടത്തിലാണ് എന്ന് അറിഞ്ഞു അത് കൊടുക്കുന്നുണ്ടായിരുന്നു അവൻ സ്കൂൾ വാങ്ങി

**Sisanth**



# കത്തിയെരിയുന്ന പ്രകൃതി

ഇനിയുണ്ടാകുമോ ഇങ്ങനെയൊരു ഭൂമി
ഉണ്ടാകുമോ ഇങ്ങനെയൊരു പ്രകൃതി
കത്തിയെരിയുന്ന മനുഷ്യർ സുന്ദരമാം പ്രകൃതിയെ
എവിടെ പുഴയും എവിടെ വയലും
എവിടെ എവിടെ പച്ചപ്പും
പ്രകൃതിഗന്ധവും മാഞ്ഞുമറിയുന്ന
പ്രകൃതിയിൽ പച്ചപ്പും
ഇനി തിരിച്ചു വരുമോ ഈ പ്രകൃതി



**Sreejith**



# പെൻസിൽ റബ്ബറും

ഒരിടത്തൊരിടത്ത് ഒരു പെൻസിൽ റബ്ബറും ഉണ്ടായിരുന്നു അവർ ചങ്ങാതിമാരായിരുന്നു പെൻസിന്റെ അറ്റത്താണ് റബറിന്റെ ശരീരം പാറുക്കുട്ടിയുടെ സ്കൂൾ ബാഗിലാണ് അവരുടെ താമസം പാറുക്കുട്ടി സ്കൂളിൽ ഒന്നാമതായിരുന്നു എന്ത് എഴുതണമെങ്കലും ആ പെൻസിൽ ആവശ്യമായിരുന്നു എന്നാൽ ആ പെൻസിൽ ൻറെ റബർ അധികം ഉപയോഗിക്കേണ്ടി വന്നില്ല മിടുക്കി ആയ പാറുക്കുട്ടിയും ചങ്ങാതിമാരായ പെൻസിൽ റബ്ബറും അവിടെ തിരുത്തേണ്ടിയ വന്നില്ല അങ്ങനെ ഒരു ദിവസം പെൻസിൽ പറഞ്ഞു എഴുതി നടുവൊടിഞ്ഞു പെൻസിൽ കുട്ടി തീരാറായി നിനക്ക് മാത്രം ഒരു ജോലിയും ഇല്ല തേയ്മാനവുമില്ല നിനക്ക് നാണമില്ലേ വെറുതെ തലയിൽ കേറിയിരിക്കാൻ അത് കേട്ട് റബ്ബറിന് സങ്കടം വന്നു മിടുക്കി ആയ പാറുക്കുട്ടി വരയ്ക്കുമ്പോഴോ എഴുതുമ്പോഴോ തെറ്റു പറ്റാറില്ല അതുകൊണ്ട് തന്നെ എനിക്കൊരു ജോലിയും ഇല്ല പിന്നെ കുറച്ചു ദിവസം പാറുക്കുട്ടി സ്കൂളിൽ പോയില്ല പനിപിടിച്ചു കിടപ്പിലായ അസുഖം ഭേദമായി സ്കൂൾ തുടങ്ങിയെങ്കിലും ക്ഷീണം വിട്ടില്ല പാറുക്കുട്ടിക്ക് പാറുക്കുട്ടി എഴുതുമ്പോഴും വരയ്ക്കുമ്പോഴും തെറ്റി വരാൻ തുടങ്ങി എന്നാലും പാറുക്കുട്ടി എഴുതി പഠിച്ചു പെൻസിൽ റബറും തേയ്മാനം തുടങ്ങി പെൻസിൽ സമാധാനമായി ജോലി ചെയ്യാൻ തുടങ്ങി എന്നാലും റബർ എന്നാലും സന്തോഷത്തോടെയായിരുന്നു പെൻഷൻ തെറ്റുകൾ തിരുത്താൻ കഴിയുന്നതുകൊണ്ട് കഴിയുന്നതുകൊണ്ട് തന്റെ ജീവിതം അവസാനിക്കാറായി എന്നറിഞ്ഞ മാറി പാറുക്കുട്ടി പുതിയ പെൻസിൽ റബ്ബറും വാങ്ങി

Prakanya

# റിപ്പോർട്ട്

ജി എച്ച് എസ് എസ് കുനിശ്ശേരിയിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ കുടുംബശ്രീ അംഗങ്ങൾക്ക് കമ്പ്യൂട്ടർ പഠന ക്ലാസ് സംഘടിപ്പിച്ചു എരുമയൂർ പഞ്ചായത്ത് പ്രസിഡന്റ് പ്രേമകുമാർ എ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് മണി അധ്യക്ഷത വഹിച്ചു വാർഡ് മെമ്പർ കണ്ട മുത്തൻ, മാതൃഭൂമി ലേഖകൻ ജോബ് ജോൺ, ഹെഡ്മാസ്റ്റർ പി കെ മാത്യു, ലിറ്റിൽ കൈറ്റ് മിസ്ട്രസ് ജിഷ ടീച്ചർ, സുചിത്ര ടീച്ചർ എന്നിവർ സംസാരിച്ചു.

ലിറ്റിൽ കൈറ്റ്സ് കുട്ടികളായ വിശ്വനാഥ് അരുൺജിത് സൂര്യ അനുശ്രീ എന്നിവർ ക്ലാസിന് നേതൃത്വം നൽകി.കമ്പ്യൂട്ടറിലെ ലിബർ ഓഫീസ് കാൽക്ക്, ലിബർ ഓഫീസ് റൈറ്റർ എന്നിവ പരിചയപ്പെടുത്തി സ്പ്രെഡ് ഷീറ്റ് തയ്യാറാക്കാൻ അവരെ പര്യാപ്തരാക്കി. കൂടാതെ സ്മാർട്ട് ഫോണിൽ മെയിൽ ഐഡി ഗൂഗിൾ അക്കൗണ്ട് എന്നിവ ക്രിയേറ്റ് ചെയ്യാനും വാട്സ്ആപ്പ് ലൊക്കേഷൻ തുടങ്ങിയ ബന്ധപ്പെട്ട കാര്യങ്ങൾ പഠിപ്പിക്കുകയും ഇതുവഴി സമൂഹത്തിന് പ്രദമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ലിറ്റിൽ കൈറ്റ് വിദ്യാർഥികൾക്ക് കഴിഞ്ഞു



കുടുംബശ്രീക്കാരെ കംപ്യൂട്ടർ സാക്ഷരരാക്കാൻ ലിറ്റിൽ കൈറ്റ്സ്

ആലത്തൂർ ▸ കുടുംബശ്രീക്കാരെ കംപ്യൂട്ടർ സാക്ഷരരാക്കാൻ, ഇന്ത്യയിലെ സ്കൂൾ വിദ്യാർഥികളുടെ ഏറ്റവും വലിയ ഐ.ടി. ശൃംഖലയായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. മൊബൈൽ ഫോണിൽ പണമിടപാട് നടത്തുക, ഇ–മെയിൽ അയക്കുക, പ്ലേസ്റ്റോറിൽ നിന്ന് ആപ്ലിക്കേഷനുകൾ എടുക്കുക, വാട്സാപ്പിൽ മെസേജും ഫോട്ടോയും നിറഞ്ഞാൽ മായ്ച്ചുകളയുക, ഒ.ടി.പി. പോലുള്ള ടെക്സ്റ്റ് മെസേജുകൾ കൈകാര്യം ചെയ്യുക, എക്സൽ ഷീറ്റ് തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങളാണ് പ്രാഥമികമായി പഠിപ്പിക്കുക. ഇതിന്റെ ഭാഗമായി ഒരുസംഘം കുടുംബശ്രീ പ്രവർത്തകർക്ക് കംപ്യൂട്ടറിന്റെ ബാലപാഠം പകർന്ന് കുനിശ്ശേരി ഗവ. എച്ച്.എസ്. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ 'കുട്ടിമാഷു'മാരായി.

എരിമയൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എ. പ്രേമകുമാർ പരിശീലനം ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡന്റ് എ. മണി അധ്യക്ഷനായി. പ്രധാനാധ്യാപകൻ പി.കെ. മാത്യു, ഗ്രാമപ്പഞ്ചായത്തംഗം കെ. കണ്ടമുത്തൻ, ജോബ് ജോൺ, അധ്യാപകരായ ജിഷ പ്രദീപ്, സുചിത്ര സൂരജ് എന്നിവർ സംസാരിച്ചു. വിദ്യാർഥികളായ പി. വിശ്വനാഥ്, യു. അരുൺജിത്, എസ്. സൂര്യ, പി. അനുശ്രീ എന്നിവരാണ് മാഷുമാരായെത്തിയത്.







# നടനം

പഠിച്ച മിടുക്കരാകാനും നല്ല വ്യക്തികളായി വളരാനും കുട്ടികൾക്ക് മാനസിക ഉല്ലാസം വളരെ പ്രധാനമാണ് പിരിമുറുക്കങ്ങൾ എല്ലാം ഒഴിഞ്ഞ് മാനസിക അവസ്ഥ രൂപപ്പെടുത്താൻ നൃത്തത്തെക്കാൾ മികച്ച കല  രൂപം വേറെയില്ല.

ശാന്തതയോടെയും സന്തോഷത്തോടെയും പഠനത്തെയും ജീവിതത്തെയും സമീപിക്കാനുള്ള മനോഭാവം ഉണ്ടാക്കാൻ നൃത്തത്തിന് കഴിയുന്നു. നൃത്തം കൃത്യമായി അഭ്യസിക്കുന്ന കുട്ടികളിൽ ഓർമ്മശക്തിയും ക്ഷമയും മെച്ചപ്പെട്ടതായാണ് പഠനം തെളിയിക്കുന്നത് ഇതെല്ലാം മനസ്സിലാക്കി ജിഎച്ച്എസ് കുനിശ്ശേരി സ്കൂളിൽ പ്രധാന അധ്യാപകനായ മാത്യു സാറിന്റെ നിർദ്ദേശപ്രകാരം നൃത്തത്തിൽ ഒരുപാട് പരിചയ സമ്പത്തുള്ള ശ്രീമതി ജയശ്രീ ടീച്ചർ വള്ളിയോട് ആഴ്ചയിൽ രണ്ട് ദിവസം വളരെ കുറഞ്ഞ നിരക്കിൽ ഞങ്ങൾക്കും അതോടൊപ്പം തന്നെ മറ്റു വിദ്യാലയങ്ങളിലെയും കുട്ടികൾക്കായി നൃത്ത ക്ലാസ് നടത്തിവരുന്നു സർഗാത്മകത ഉയർത്തുന്ന കലാവാസന വർധിപ്പിക്കുന്ന ഇത്തരം ക്ലാസുകൾക്ക് നേതൃത്വം നൽകുന്ന ശ്രീമതി ജയശ്രീ ടീച്ചർക്ക് ഞങ്ങൾ നന്ദി അറിയിക്കുന്നു



# ശാസ്ത്രമേളയിലൂടെ



വളരെ മികച്ച ഒരു അനുഭവമായിരുന്നു ജില്ലാതല ശാസ്ത്രമേള.വളരെയധികം ജിജ്ഞാസയോടെയും കൗതുകത്തോടെയും ആയിരുന്നു ഞങ്ങൾ ശാസ്ത്രമേളയിൽ പങ്കെടുത്തത്.ഞങ്ങൾക്ക് improvised experiment എന്ന സെക്ഷനിൽ വളരെ മികച്ച രീതിയിൽ പരീക്ഷണങ്ങൾ ചെയ്യാനും അവതരിപ്പിക്കാനും A ഗ്രെഡ് കരസ്ഥമാക്കാനും സാധിച്ചതിൽ സന്തോഷിക്കുന്നു.പരീക്ഷണങ്ങൾ ചെയ്യുന്നതിനായി കൂടുതൽ ആഴത്തിൽ വിഷയത്തെ മനസ്സിലാക്കാനും പഠിക്കാനും സാധിക്കുകയും അത് വഴി അറിവ് വർദ്ധിപ്പിക്കാനും സാധിച്ചു. പോരായിമകളും കുറവുകളും തിരിച്ചറിയാനും കൂടുതൽ മെച്ചപ്പെടുത്താനും ഇതിലൂടെ കഴിഞ്ഞു.പുതിയ പരീക്ഷണങ്ങൾ അറിയാനും അവയെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാനും ശാസ്ത്രമേള വഴി തിരിവായി.ഞങ്ങളെ ശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത് സുചിത്ര ടീച്ചറാണ്.ടീച്ചർ വേണ്ട പിന്തുണകൾ നൽകുകയും സംശയങ്ങൾ പറഞ്ഞുതരുകയും ചെയ്തു.ഒരു പക്ഷേ ടീച്ചർ ഇല്ലായിരുന്നുവെങ്കിൽ ഞങ്ങൾക്ക് ശാസ്ത്രമേളയിൽ പങ്കെടുക്കാനോ എ ഗ്രേഡ് കരസ്ഥമാക്കാനോ സാധിക്കില്ലായിരുന്നു. ശാസ്ത്രമേള ഒരുപാട് നല്ല അനുഭവങ്ങളും കുറേ കൂട്ടുകാരെയും സമ്മാനിച്ചു.വളരെ രസകരവും മറക്കാനാവാത്തതും ആണ് ശാസ്ത്രമേളയിലെ മനോഹരമായ അനുഭവങ്ങൾ.

AISWARYA & REVATHY



ഞാൻ ആദ്യമായാണ് പേപ്പർ ക്രാഫ്റ്റ് എന്ന ഐറ്റത്തിന് സബ് ജില്ലാതല മത്സരത്തിന് പോകുന്നത്. അവിടെനിന്നും എനിക്ക് അഞ്ചാം സ്ഥാനം ലഭിച്ചു. പിന്നീട് ഞാൻ ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ സബ്ജില്ലാതലത്തിൽ പേപ്പർ ക്രാഫ്റ്റ് മത്സരത്തിന് പോവുകയും അവിടെ നിന്നും രണ്ടാം സ്ഥാനം ലഭിക്കുകയും ചെയ്തു. അതിനു വേണ്ട പരിശീലനം സുചിത്ര ടീച്ചർ ആണ് എനിക്ക് നൽകിയത്. പിന്നീട് ജില്ലാതല മത്സരത്തിൽ ഞാൻ പങ്കെടുക്കുകയും അവിടെ നിന്നും എനിക്ക് A ഗ്രേഡ് ലഭിക്കുകയും ചെയ്തു. അടുത്തവർഷം ഒന്നാം സ്ഥാനം വാങ്ങിക്കുവാനായി ഞാൻ പരിശീലിക്കുന്നുണ്ട്.

ANANDHAN

# ജൂനിയർ റെഡ്ക്രോസ് സൊസൈറ്റി
# (JRC)

”സേവനം” മുഖമുദ്രയാക്കിയ ജെ ആർ സി പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു .എട്ടിലും ഒമ്പതിലും പത്തിലും 20 പേർ അടങ്ങുന്ന ഓരോ യൂണിറ്റാണ് സ്കൂളിൽ പ്രവർത്തിക്കുന്നത്.

സ്കൂളിലെ അക്കാദമികവും അക്കാദമികേതരവുമായ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് ജെ ആർ സി പ്രവർത്തിക്കുന്നു. കലാകായിക മത്സരങ്ങൾ ഒപ്പം തന്നെ സ്കൂളിലെ പച്ചക്കറി തോട്ടങ്ങൾ അതുപോലെ വൃത്തിയുള്ള പരിസരം ഒരുക്കുന്നതിനും  ഒക്കെ തന്നെ JRC യുടെ സേവനം അതുല്യമാണ്.

പത്താം ക്ലാസിലെ ജെ ആർ സി യുടെ സി ലെവൽ എക്സാമിൽ പാസാവുന്ന വിദ്യാർഥികൾക്ക് 10 മാർക്ക് ഗ്രേസ് മാർക്ക് ആയി ലഭിക്കുന്നു. കൂടാതെ JRC യുടെ ആരോഗ്യ ക്ലാസ്സുകൾ, അതിനോടനുബന്ധിച്ച കുട്ടി ഡോക്ടർമാർ പ്രവർത്തനവും നടന്നു വരുന്നു.





# കലാ-കായിക മുന്നേറ്റം

സ്കൂൾ കലാ കായിക മേളകളിൽ നിരവധി മത്സര ഇനങ്ങളിൽ പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്തു.
ഹിന്ദിയിൽ സബ്ജില്ലാതലത്തിൽ കവിത , ഉപന്യാസം റൈറ്റിങ്ങിൽ എ ഗ്രേഡ് ലഭിക്കുകയുണ്ടായി. മാപ്പിളപ്പാട്ട് പദ്യപാരായണം എന്നിവയിലും A Grade ലഭിച്ചു.

സ്പോർട്സിൽ സബ് ജൂനിയർ ,ജൂനിയർ, സീനിയർ തലത്തിൽ ഫുട്ബോൾ മത്സരങ്ങളിൽ പങ്കെടുത്ത ജൂനിയർ വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. '
സുപ്രധാന നേട്ടം എന്നു പറയുന്നത് ഷോട്ട്പുട്ട് വിഭാഗത്തിൽ സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുത്ത് സ്കൂളിൻറെ അഭിമാനമായ മാറിയ ഇഷാ ഫാത്തിമ , നീന്തൽ മത്സരങ്ങളിൽ പങ്കെടുത്ത സൂരജ് ,ശ്രേയസ് എന്നിവരും വിവിധ മത്സരങ്ങളിൽ ജില്ലാ തലങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരും സ്കൂളിൻ്റെ മികവിന് മാറ്റുകൂട്ടുന്നവരാണ്.









# പളുങ്കുപാത്രം

പകലിനേക്കാൾ ഏറെ സൗന്ദര്യമാർന്നതാണെൻ
നിലാവുള്ളൊരാ രാത്രി
അബരമാകുന്ന സിംഹാസനത്തിന്മേൽ
ആർത്തുല്ലസിക്കുന്നു തേങ്ങാപൂളുപോലുള്ളൊരു
പളുങ്കുപാത്രം
തിങ്കളും താരങ്ങളും ഒത്തു കണ്ടാലോ രാജാവും
തോഴിമാരെന്നേ തോന്നൂ
ഇരുട്ടിൽ താഴ്ന്ന പ്രപഞ്ചത്തെ കൈപിടിച്ചുയർത്തി നിൻ
വെള്ളി പ്രഭ
മുല്ലതൻ മലരിനെ തൊട്ടുണർത്താനായ് മന്ദമായി
വന്നൊരു ഇളം കാറ്റും നിൻ്റെ സ്പർശനതാൽ മർമരം
മൂളുന്നു



# മനുഷ്യനും കോടാലിയും

ഒരിടത്ത് ഒരു മരം വീട്ടുകാരൻ ഉണ്ടായിരുന്നു മരം വെട്ടിവിറ്റിട്ടാണോ അയാൾ ജീവിക്കുന്നത് അയാളുടെ ജീവിതം വളരെ കഷ്ടം ഏരിയ ജീവിതമായിരുന്നു ഒരിക്കൽ അയാൾ പുഴയോരത്ത് മരം വെട്ടാനായി പോയി അപ്പോൾ മരം വെട്ടുമ്പോൾ കൈവഴുതി കോടാലി പുഴയിൽ വീണു. അപ്പോൾ പെട്ടെന്ന് വെള്ളത്തിൽ നിന്ന് ഒരു ദേവത പ്രത്യക്ഷപ്പെട്ടു ഒരു കൈയിൽ സ്വർണ കോടാലിയും മറ്റേ കൈയിൽ വെള്ളി കോടാലിയും ഉണ്ടായിരുന്നു ജലദേവത ഇതിൽ ഏതാണ് നിൻറെ കോടാലി എന്ന് ചോദിച്ചു അപ്പോൾ അയാൾ പറഞ്ഞു ഇത് രണ്ടും ദേവത തിരിച്ചുപോയി മരത്തിൻറെ കൊണ്ടുവന്നു അപ്പോൾ അയാൾ ഇത് എന്നെയാണ് പറഞ്ഞു എന്നിട്ട് ജലദേവത മൂന്നു പാലിയും കൊടുത്തു എന്നിട്ട് ആരും വീട്ടിലേക്ക് പോയി എന്ന് എന്നിട്ട് ഒരാൾ ഒ ളിഞ്ഞിരുന്നു കണ്ടു അയാളും ഇതുപോലെ ചെയ്തു ദേവത സ്വർണം കൊണ്ടുവന്നു ചോദിച്ചപ്പോൾ സ്വർണത്തിന്റെ ആണ് എൻറെ എന്ന് അയാൾ പറഞ്ഞു കൊടുത്തില്ല ദേവത ജലത്തിൽ അടിയിലേക്ക് പോയി

# എന്റെ വഴികാട്ടി

അമ്മയാണെൻ വെളിച്ചം
അച്ഛനാണെന്ന് വഴികാട്ടി അമ്മയും
അച്ഛൻ ജീവിത ലക്ഷ്യം ഗുരുവാണെൻ
നന്മ ശോഭ ഗുരു ഇതിനെല്ലാം
വെളിച്ചമായി വിളങ്ങീടുമെൻ ദൈവം
ജീവിത ലക്ഷ്യത്തിൽ വലിയൊരു
പങ്കുണ്ട് അതിനുള്ളിൽ വിളങ്ങുന്ന
സ്വപ്നമാണെൻ കൂട്ടരേ



Sreenandhana.AK

# സ്നേഹം

ഇവിടെ സ്നേഹിച്ചത് ആരെ ഞാൻ
മിഴികളിൽ ചുണ്ട് ചേർത്ത് അമ്മയെ കവിത
ചൊല്ലി പഠിപ്പിച്ച എന്ന അച്ഛനെ
വഴികാട്ടിയായി വന്ന ഗുരുവിനെ എല്ലാം
ആയിട്ടുള്ള ലോകം മുഴുവൻ സ്നേഹം
പരക്കുവിൻ എല്ലാരും സുന്ദരി എന്ന
ലോകത്തെ പ്രണയിക്കുകയും ഓരോ
കാഴ്ചകളും ആസ്വദിക്കുകയും സ്നേഹം
നിറഞ്ഞ ലോകമായി മാറ്റുവിൻ



Vinitha